# ഓഷധികൾ.

വളരെ ദുർബലവും നേർത്തതുമായ കാണ്ഡത്തോട് കൂടിയ സസ്യങ്ങളാണ് ഓഷധികൾ. കുറ്റിച്ചെടികളേക്കാൾ ഇവ വളരെ ചെറുതായിരിക്കും. ഇവ സാധാരണ പൊക്കത്തിൽ വളരാറില്ല. ചിലവയിൽ കാണ്ഡം മാംസളമായിരിക്കും. വളരെ കുറച്ച് നാൾ മാത്രമേ ഇവയ്ക്ക് ആയുസ്സുള്ളു. മിക്ക ഓഷധി സസ്യങ്ങളും ഒരു വർഷം കൊണ്ട് ജീവിത ചക്രം പൂർത്തിയാക്കുന്നവയാണ്. പുല്ലു വർഗത്തിൽ പെട്ട സസ്യങ്ങൾ കൂടുതലും ഇത്തരമാണ്.ധാന്യങ്ങളായ നെല്ല് ,ഗോതമ്പ്,റാഗി ഇവയെല്ലാം ഈ ഗണത്തിൽ പെടുന്നു .ഉദാഹരണങ്ങൾ തുമ്പ,മഷിത്തണ്ട്,വാഴ പയർ ,ചീര.ഏറ്റവും വലിയ ഓഷധി വാഴയാണ്.